# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3439** — **21.12.2012-ൽ മറുപടിക്ക്**

## ചാലക്കുടി എ.ആർ.എസിൽ വാട്ടർ ടെക്നോളജി സെന്റർ

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| --- | --- |
| എ) വാട്ടർ മാനേജ്മെന്റ് പരിപാലനത്തിൽ ഗവേഷണം നടത്തുന്ന കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഏക കേന്ദ്രമായ ചാലക്കുടി കുടപ്പുഴയിലെ അഗ്രോ റിസർച്ച് സ്റ്റേഷനിൽ വാട്ടർ ടെക്നോളജി സെന്റർ അനുവദിക്കുന്നതിനായി എത്ര തുകയാണ് കഴിഞ്ഞ ബജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നത് എന്ന് അറിയിക്കാമോ; | എ) കേരള സർക്കാരിന്റെ 2012 – 13 ലെ പ്ലാൻ പ്രൊപ്പോസലിൽ ചാലക്കുടി അഗ്രോണമിക് റിസെർച്ച് സ്റ്റേഷനിൽ വാട്ടർ ടെക്നോളജി സെന്റർ സ്ഥാപിക്കാൻ 75 ലക്ഷം രൂപയും ജലപരിപാലനത്തിൽ കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ പ്രസ്തുത കേന്ദ്രങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഗവേഷണത്തിന് 150 ലക്ഷം രൂപയും വക കൊള്ളിച്ചിരുന്നു. മേൽപ്പറഞ്ഞ ഗവേഷണപ്രവർത്തനങ്ങളെല്ലാം ചാലക്കുടി അഗ്രോണമിക് റിസെർച്ച് സ്റ്റേഷന്റെ നേതൃത്വത്തിലാണ് ഉദ്ദേശിച്ചിരിക്കുന്നത്. |
| ബി)ബജറ്റിൽ അനുവദിച്ച തുകയിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; | ബി) മേൽ നിർദ്ദേശം അനുസരിച്ച് 225 ലക്ഷം രൂപയ്ക്കുള്ള പദ്ധതി കേരള സർക്കാരിന് സമർപ്പിച്ചിരുന്നു. 2012 ആഗസ്റ്റ് 13 ാം തിയ്യതി ബഹു. കാർഷികോൽപ്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടിയ കാർഷിക വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ പ്രസ്തുത പദ്ധതി ചർച്ച ചെയ്തെങ്കിലും 50 ലക്ഷം രൂപയ്ക്കുള്ള പദ്ധതിയ്ക്ക് മാത്രമേ അംഗീകാരം നൽകിയിട്ടുള്ളൂ. |

സി) ബജറ്റിൽ ഉൾപ്പെടുത്തിയ മുഴുവൻ തുകയും ചാലക്കുടി എ.ആർ.എസ്.ന് തന്നെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

സി) 2012 സെപ്റ്റംബർ 28 ാം തിയ്യതി ബഹു. കാർഷികോൽപ്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടിയ കാർഷിക വർക്കിംഗ് ഗ്രൂപ്പ് മീറ്റിങ്ങിൽ "നെറ്റ്‌വർക് പ്രോജക്റ്റ് ഓൺ എൻഹേൻസിങ്ങ് വാട്ടർ പ്രൊഡക്റ്റിവിറ്റി ഇൻ കോക്കനട്ട് ഫാമിങ്ങ് ത്രൂ പ്രിസിഷൻ ഇറിഗേഷൻ" എന്ന പ്രോജക്ടിന് ബഡ്ജറ്റ് പ്രൊവിഷനിൽ ഉള്ള 175 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജ് (സെൻട്രൽ സോൺ), സി.ആർ.എസ്., ബാലരാമപുരം (സതേൺ സോൺ), ആർ.എ.ആർ.എസ്., പീലിക്കോട് (നോർതേൺ സോൺ) എന്നീ ഗവേഷണ സ്ഥാപനങ്ങളിൽ നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

സെക്ഷൻ ആഫീസർ